# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4078 — 16.12.2014 ൽ മറുപടിയ്ക്ക്

## തസ്തിക മാറ്റം വഴി ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിച്ചവരുടെ മുൻകാല സർവ്വീസും, ശമ്പളവും സംരക്ഷിച്ചു കിട്ടണമെന്ന ആവശ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി. ഉബൈദുള്ള | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്ത് തസ്തിക മാറ്റം വഴി ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിക്കുമ്പോൾ മുൻ സേവന കാലം, ശമ്പളം/ഗ്രേഡ് എന്നിവ പരിഗണിക്കുമോ; | (എ) | പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്ത് തസ്തികമാറ്റം വഴി ജില്ലാ സഹകരണ ബാങ്കിൽ നിയമനം ലഭിക്കുമ്പോൾ അവരുടെ മുൻകാല സേവനകാലം, ശമ്പളം/ഗ്രേഡ് എന്നിവ ജില്ലാ സഹകരണ ബാങ്കിൽ പരിഗണിക്കുകയില്ല. |
| (ബി) | മുമ്പ് ജോലി ചെയ്തിരുന്ന സംഘത്തിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത നിയമനം ലഭിച്ച ജീവനക്കാർക്ക് ഫുൾ പെൻഷൻ കിട്ടുന്നതിന് മുൻകാല സർവ്വീസും കൂടി പരിഗണിക്കുമോ; | (സി) | പെൻഷൻ ആനുകൂല്യങ്ങൾക്ക് നിലവിൽ പരിഗണിക്കപ്പെടുന്നുണ്ട്. |
| (ഡി) | ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച 28387/14/സി.എം. നമ്പർ ഹർജിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | ഹർജി പരിശോധിക്കാനായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. |

(ഇ) യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത പ്രസ്തുത ആവശ്യം അംഗീകരിച്ച് നൽകുമോ?

സെക്ഷൻ ഓഫീസർ